I/44977/2023

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**വിജ്ഞാപനം**

**കീം 2023**

**2023– ലെ ആർക്കിടെക്ചർ റാങ്കിന് പരിഗണിക്കുന്നതിനായി മൂന്നാം ഘട്ട NATA യിൽ യോഗ്യത നേടിയവർക്ക് NATA സ്കോറും മാർക്കും സമർപ്പിക്കുന്നതിനും നിലവിൽ NATA സ്കോറും മാർക്കും സമർപ്പിച്ചവർക്ക് അവ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും അവസരം**

മൂന്നാം ഘട്ട NATA സ്കോർ പ്രസിദ്ധീകരിച്ച സാഹചര്യത്തിൽ, 2023 – ലെ കേരള ആർക്കിടെക്ചർ റാങ്കിന് പരിഗണിക്കുന്നതിനായി NATA എഴുതി യോഗ്യത നേടിയവർക്ക് NATA സ്കോറും യോഗ്യതാ പരീക്ഷയുടെ മാർക്കും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. Candidate Portal ലെ 'Mark Submission for B.Arch' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് NATA - 2023 –ന്റെ സ്കോറും യോഗ്യതാ പരീക്ഷയുടെ മാർക്കും സമർപ്പിക്കേണ്ടതാണ്. 'Upload NATA Score Card and Plus Two/Diploma or Equivalent Mark Sheet' എന്ന പേജിലൂടെ വിദ്യാർത്ഥികൾ സ്കോർ കാർഡിന്റെ pdf ഫോർമാറ്റുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. വിശദ വിവരങ്ങൾക്ക് 26.04.2023 – ലെ വിജ്ഞാപനം കാണുക. NATA യോഗ്യത നേടി സ്കോർ/മാർക്ക് ഇതുവരെ സമർപ്പിക്കാത്തവർക്ക് വേണ്ടി മാത്രമാണ് ഈ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. 22.07.2023 **വൈകുന്നേരം** 3.00 **മണി** വരെ പ്രസ്തുത സൗകര്യം വെബ്സൈറ്റിൽ ലഭ്യമായിരിക്കും.

2023 – ലെ ആർക്കിടെക്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി വിദ്യാർത്ഥികൾ ഇതിനോടകം ഓൺലൈനായി സമർപ്പിച്ച യോഗ്യതാ പരീക്ഷയുടെ മാർക്കും NATA സ്കോറും സൂക്ഷ്മപരിശോധനയ്ക്കുശേഷം വിദ്യാർത്ഥികൾക്ക് പരിശോധനയ്ക്കായി www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ വീണ്ടും ലഭ്യമാക്കിയിട്ടുണ്ട്.

മേൽപ്പറഞ്ഞ വെബ്സൈറ്റിലെ 'KEAM 2023-Candidate Portal' എന്ന ലിങ്കിലൂടെ 22.07.2023, **വൈകുന്നേരം** 3.00 **മണി** വരെ വിദ്യാർത്ഥികൾക്ക് മാർക്ക്/NATA സ്കോർ

വിവരങ്ങൾ പരിശോധിക്കാവുന്നതാണ്. വെബ്സൈറ്റിൽ നൽകിയിട്ടുള്ള 'KEAM 2023-Candidate Portal' എന്ന ലിങ്കിലൂടെ അപേക്ഷാർത്ഥികൾ അവരുടെ അപേക്ഷാ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി ഹോം പേജിൽ പ്രവേശിച്ച ശേഷം 'Mark Verification for Architecture Rank' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് യോഗ്യതാ പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും കൂടി ലഭിച്ച മാർക്ക്, ആകെയുള്ള പരമാവധി മാർക്ക് എന്നിവ വെബ്പേജിൽ കാണിച്ചിട്ടുള്ള പ്രകാരം ശരിയാണോയെന്ന് പരിശോധിക്കേണ്ടതാണ്.

- വെബ്പേജിൽ കാണിച്ചിട്ടുള്ള യോഗ്യതാപരീക്ഷയുടെ മാർക്ക്, NATA സ്കോർവിവരങ്ങൾ ശരിയാണെങ്കിൽ ഓരോന്നിനും നേരെയുള്ള 'No Change' ബട്ടൺ ക്ലിക്ക് ചെയ്ത് ശേഷം 'Verified and Found correct' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് വിവരങ്ങൾ ശരിയാണെന്ന് ഉറപ്പിക്കാവുന്നതാണ്.
- വെബ്സൈറ്റിൽ കാണിച്ചിട്ടുള്ള മാർക്ക് NATA സ്കോർവിവരങ്ങൾ സംബന്ധിച്ച് തിരുത്തലുകൾ ആവശ്യമുള്ള പക്ഷം തിരുത്തേണ്ട വിവരത്തിനു/വിവരങ്ങൾക്ക് നേരെയുള്ള 'Change Required' ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതും തുടർന്ന് 'Verified and found Mismatch' എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതുമാണ്. അതിനു ശേഷം ഇവർ തിരുത്തലുകളെ സാധൂകരിക്കുന്ന NATA സ്കോർകാഡിന്റെ pdf ഫയൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.
- വെബ്സൈറ്റിൽ നൽകിയിരിക്കുന്ന യോഗ്യതാപരീക്ഷയുടെ മാർക്ക് സംബന്ധിച്ച വിവരങ്ങളിൽ തിരുത്തലുകൾ ആവശ്യമുള്ള പക്ഷം തിരുത്തേണ്ട വിവരത്തിനു/വിവരങ്ങൾക്ക് നേരെയുള്ള 'Change Required' ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതും തുടർന്ന് 'Verified and found Mismatch' എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതുമാണ്. അതിനു ശേഷം ഇവർ തിരുത്തലുകളെ സാധൂകരിക്കുന്ന മാർക്ക് ലിസ്റ്റിന്റെ pdf ഫയൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.
- മാർക്കിൽ തിരുത്തലുകൾ ആവശ്യപ്പെട്ടുകൊണ്ട് തപാലിലോ, നേരിട്ടോ, ഇമെയിൽ/ഫാക്സ് മുഖേനയോ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
- അപ്‌ലോഡ് ചെയ്ത മാർക്ക് ലിസ്റ്റുകളിലോ നാറ്റാ സ്കോർ കാർഡിലോ അപാകതകൾ ഉണ്ടായിരുന്നവർക്ക് അവരുടെ മാർക്കുകൾ/ NATA സ്കോർ പരിശോധനാവേളയിൽ ദൃശ്യമാകുന്നതല്ല. അത്തരക്കാർ ആവശ്യമായ, അപാകത ഇല്ലാത്ത വ്യക്തമായ മാർക്ക് ലിസ്റ്റുകൾ/NATA സ്കോർ കാർഡ് വെബ്പേജിലൂടെ നിശ്ചിത സമയത്തിനകം അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ഇത്തരം വിദ്യാർത്ഥികളുടെ നിലവിൽ ലഭ്യമായ മാർക്കുകൾ അതേപടി റാങ്കിനായി പരിഗണിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. എന്നാൽ ഇത്തരം വിദ്യാർത്ഥികളുടെ റാങ്ക് തടഞ്ഞുവയ്ക്കുന്നതാണ്.

I/44977/2023

- **22.07.2023, വൈകുന്നേരം 3.00 മണിക്കുള്ളിൽ** ലഭിക്കുന്ന മാർക്ക് വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2023-ലെ ആർക്കിടെക്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. മാർക്ക് വിവരങ്ങൾ ഓൺലൈനായി പരിശോധിച്ച് ഉറപ്പ് വരുത്താത്ത വിദ്യാർത്ഥികളുടെയും, തിരുത്തലുകൾ ആവശ്യമുള്ള പക്ഷം അവ വരുത്താത്തവരുടെയും നിലവിൽ സമർപ്പിച്ചിട്ടുള്ള മാർക്കുകൾ അതേപടി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പരിഗണിക്കുന്നതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്**

- **കൗൺസിൽ ഓഫ് ആർക്കിടെക്ചർ വ്യവസ്ഥ ചെയ്യുന്നത് പ്രകാരം രണ്ട് NATA എഴുതുന്നവരുടെ ഏറ്റവും മികച്ച സ്കോറാണ് Valid സ്കോറായി പരിഗണിക്കുന്നത്. എന്നാൽ മൂന്ന് NATA യും എഴുതുന്നവരുടെ ഏറ്റവും മികച്ച രണ്ട് സ്കോറുകളുടെ ശരാശരിയാണ് Valid Score ആയി പരിഗണിക്കുന്നത്. Valid Score/Score Card ആണ് സമർപ്പിക്കുന്നതെന്ന് വിദ്യാർത്ഥികൾ ഉറപ്പാക്കേണ്ടതാണ്.**
- റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി പരിഗണിക്കപ്പെട്ട മാർക്കുകൾ, NATA സ്കോർ എന്നിവ പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതും ഈ വിവരങ്ങളിൽ എന്തെങ്കിലും വ്യത്യാസം കാണുന്ന പക്ഷം അത്തരം വിദ്യാർത്ഥികൾ പ്രവേശനത്തിന് അയോഗ്യരാകുന്നതുമാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
19-07-2023

**പ്രവേശന പരീക്ഷാ കമ്മീഷണർ**

Signed by
Arun K Vijayan
Date: 19-07-2023 21:00:00